"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുസംഭരണ ഉപദേശകകാര്യ വകുപ്പ്-കേരള ബുക്സ് & പബ്ലിക്കേഷൻസ് സൊസൈറ്റിക്ക് ലോട്ടറി പ്രിന്റിങ്ങിനായി 'ഫോർ കളർ ഇൻലൈൻ വെബ് ഓഫ്സെറ്റ് പ്രിന്റിങ് മെഷീൻ' വാങ്ങുന്നത് - ഭരണാനുമതി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

പൊതുസംഭരണ ഉപദേശകകാര്യ (സി) വകുപ്പ്

സ.ഉ.(സാധാ) നം.47/2026/PPAD തീയതി,തിരുവനന്തപുരം, 13-03-2026

---

പരാമർശം:- 1. നികുതിവകുപ്പ് നടത്തിയിട്ടുള്ള 24/09/2025-തീയതിയിലെ യോഗനടപടിക്കുറിപ്പ്

2. കേരള ബുക്സ് & പബ്ലിക്കേഷൻസ് സൊസൈറ്റി മാനേജിംഗ് ഡയറക്ടറുടെ 01/01/2026-ലെ പി-3572/2026/6 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

ലോട്ടറി ടിക്കറ്റുകളുടെ വർദ്ധിച്ചുവരുന്ന ആവശ്യം പരിഗണിച്ച് സമയബന്ധിതമായ അച്ചടിയും വിതരണവും ഉറപ്പാക്കുന്നതിനും നിലവിൽ ഉപയോഗിക്കുന്ന ഹാരിസ് M 300 വെബ് ഓഫ് സെറ്റ് പ്രിന്റിങ് മെഷീൻ വർഷങ്ങളുടെ പഴക്കമുള്ളതിനാലും ഓവർഹോളിങ് ചെയ്തെങ്കിലും ആവശ്യമായ ഔട്ട്പുട്ട് കിട്ടുന്നില്ലെന്നും നിലവിൽ ഗോസ് WSD ഫോർ കളർ ഇൻലൈൻ വെബ് ഓഫ് സെറ്റ് പ്രിന്റിങ് മെഷീൻ മാത്രമാണ് ലോട്ടറി അടിക്കാൻ പറ്റുന്ന ഹൈ സ്പീഡ് പ്രിന്റിങ് മെഷീൻ എന്നും ഇതിന് 7 വർഷം പഴക്കമുള്ളതിനാൽ ഇടക്കിടെ തകരാറിലാകുന്നുണ്ടെന്നും , ഈ സാഹചര്യത്തിൽ അപകട സാധ്യത ഒഴിവാക്കുന്നതിനും ലോട്ടറി ടിക്കറ്റുകളുടെ വർദ്ധിച്ചുവരുന്ന ആവശ്യം പരിഗണിച്ച് സമയബന്ധിതമായ അച്ചടിയും വിതരണവും ഉറപ്പാക്കുന്നതിനും ഈടു നിൽക്കുന്നതും ഉയർന്ന പ്രവർത്തനശേഷിയുള്ളതുമായ ഒരു ബാക്കപ് പ്രിന്റിങ് മെഷീൻ അത്യാവശ്യമാണെന്നും ആയതിലേയ്ക്ക് 30 കോടി രൂപ ചെലവിൽ ഒരു 4 കളർ ഇൻലൈൻ വെബ് ഓഫ്സെറ്റ് പ്രിന്റിങ് മെഷീൻ വാങ്ങി ഇൻസ്റ്റാൾ ചെയ്യുന്നതിന് 179-ാമത് ഗവേണിങ് ബോഡി യോഗം അംഗീകരിച്ചിട്ടുണ്ടെന്നും ആയതിന് ഭരണാനുമതി നൽകണമെന്നും പരാമർശം

(2) പ്രകാരം കേരള ബുക്സ് & പബ്ലിക്കേഷൻസ് സൊസൈറ്റി (കെ.ബി.പി.എസ്) എം. ഡി. അഭ്യർത്ഥിച്ചിട്ടുണ്ട്.

2 . കെബിപിഎസ് ന് ലോട്ടറി വകുപ്പ് നൽകുവാനുള്ള കുടിശ്ശികയിൽ 20 കോടി രൂപ ഉടൻ നൽകുന്നതിനും , അച്ചടിക്കൂലിയിനത്തിൽ 13 കോടി രൂപ കെബിപിഎസ് മുൻകൂറായി അനുവദിക്കുന്നതിനും , ആയതിന് പലിശ ഈടാക്കേണ്ടതില്ലെന്നും ഇപ്രകാരം അനുവദിക്കുന്ന 33 കോടി രൂപ ഉപയോഗിച്ച് ലോട്ടറി അച്ചടിക്കുന്നതിന് വേണ്ടിയുള്ള അത്യാധുനിക രീതിയിലുള്ള പ്രിന്റിങ് മെഷീൻ വാങ്ങുന്നതിനും പരാമർശം (1) പ്രകാരം തീരുമാനിച്ചിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, കേരള ബുക്സ് & പബ്ലിക്കേഷൻസ് സൊസൈറ്റിക്ക് പരാമർശം (1) യോഗതീരുമാനപ്രകാരം ലോട്ടറി വകുപ്പിൽ നിന്ന് അഡ്വാൻസായി ലഭിക്കുന്ന തുക വിനിയോഗിച്ചോ / കെബിപിഎസ്-ന്റെ തനത് ഫണ്ടിൽ നിന്ന് വഹിച്ചുകൊണ്ടോ , ലോട്ടറി അച്ചടിക്കുന്നതിലേയ്ക്കായി, സർക്കാരിന് യാതൊരു സാമ്പത്തികബാധ്യതയും ഉണ്ടാകുകയില്ല എന്ന വ്യവസ്ഥയിൽ, സ്റ്റോർസ് പർച്ചേസ് മാനുവലിലെ വ്യവസ്ഥകൾ കൃത്യമായും, കർശനമായും പാലിച്ചുകൊണ്ട് അത്യാധുനിക രീതിയിലുള്ള ഒരു 4 കളർ ഇൻലൈൻ വെബ് ഓഫ്സെറ്റ് പ്രിന്റിങ് മെഷീൻ 30 കോടി രൂപ ചെലവിൽ വാങ്ങുന്നതിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

കെ ആർ ജ്യോതിലാൽ

അഡീഷണൽ ചീഫ് സെക്രട്ടറി

1. മാനേജിംഗ് ഡയറക്ടർ , കേരളാ ബുക്ക്സ് & പബ്ലിക്കേഷൻസ് സൊസൈറ്റി(K.B.P.S), കാക്കനാട് , കൊച്ചി-682030
2. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് I/II കേരള), തിരുവനന്തപുരം.
3. അക്കൗണ്ടന്റ് ജനറൽ (എ&ഇ, കേരള), തിരുവനന്തപുരം.
4. ധനകാര്യ വകുപ്പ്( Vide U.O Note No. C2/17/2026-FIN dated 17/02/2026)
6. ഇൻഫർമേഷൻസ് & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്
7. സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Seetha K M
Date: 13-03-2026 13:05:51

സെക്ഷൻ ഓഫീസർ

പകർപ്പ് : - നികുതി വകുപ്പ്